കേരള സർക്കാർ

# കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

# 2015-16

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-ഇകെഎം (പി.3)2040/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ-0484-2422271
email :- doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 08.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ്

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം (പി.3)2040/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ-0484-2422271
email : doekm.ksad@kerala.gov.in
തീയതി : 08.12.2016

## എറണാകുളം ജില്ലയിലെ കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ
## 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 16.05.2015 മുതൽ 31.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, 31-10-2016 വരെയുള്ള പണം ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.11.2016 മുതൽ 23.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ. എ. മൈക്കിൾ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കവിതാ ദേവി വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഹരീഷ് ബാബു എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കവിത എസ് കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ. ടി.ജി.വിജയൻ | 01.04.15 | 31.10.15 |
| | ശ്രീമതി സിന്ധു രാജേഷ് | 19.11.15 | 31.03.16 |
| വൈസ് പ്രസിഡന്റ് | ശ്രീമതി ബീന ജോർജ്ജ് | 1.4.2015 | 31.10.15 |
| | ശ്രീ. എ.എ. അനിൽ | 19.11.15 | 31.03.16 |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ | | | |
| വികസനകാര്യം | ശ്രീ.പി.ജി.അനിരുദ്ധൻ | 01.4.2015 | 31.10.15 |
| | ശ്രീമതി സിന്ധു ബാബു | 03.12.15 | 31.03.16 |
| ക്ഷേമകാര്യം | ശ്രീമതി മിനി രാജീവ് | 01.4.2015 | 31.10.15 |
| | ശ്രീ. കെ.കെ.ചെല്ലപ്പൻ | 03.12.15 | 31.03.16 |
| വിദ്യാഭ്യാസം & ആരോഗ്യം | --- | 01.4.2015 | 31.10.15 |
| | ശ്രീമതി രജിത സജീവ് | 03.12.15 | 31.03.16 |
| സെക്രട്ടറി | ശ്രീമതി എസ്. ലതിക കുമാരി | 01.04.15 | 10.05.15 |
| | ശ്രീ. പി.ജി.മനോഹരൻ | 11.05.15 | 27.06.15 |
| | ശ്രീമതി എസ്.ലതിക കുമാരി | 28.06.15 | 31.03.15 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി ദീപ ടി.ഒ. | 01.04.15 | 31.03.16 |
| മെഡിക്കൽ ഓഫീസർ, ഗവ:ആയുർവ്വേദ ഡിസ്പെൻസറി, എളങ്കുന്നപ്പുഴ | ഡോ. ഷീബ തോമസ് | 01.04.15 | 31.03.16 |
| മെഡിക്കൽ ഓഫീസർ, ഗവ: ഹോമിയോ ഡിസ്പെൻസറി, എടവനക്കാട് | ഡോ. ആർ ശ്രീരാജ് | 01.04.15 | 31.03.16 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.സുരേഷ്കുമാർ.പി.ആർ. | 01.04.15 | 31.03.16 |
| വെറ്ററിനറി സർജൻ | ഡോ. സൈറ പി.എ. | 01.04.15 | 31.03.16 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.റോസി.കെ.എൽ. | 01.04.15 | 03.02.16 |
| | ശ്രീമതി.വിനീത.പി.വി. | 04.02.16 | 31.03.16 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ രാജേന്ദ്രൻ ഒ.ബി. | 01.04.15 | 31.03.16 |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ശാലിനി എം.എം. | 01.04.15 | 31.03.16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി കെ.ജി.ലാലി | 01.04.15 | 25.05.15 |
| | ശ്രീമതി.അനില രഘുനാഥ് | 25.05.15 | 19.12.15 |
| | ശ്രീമതി ദേവിശ്രീ ആർ.ടി. | 20.12.15 | 31.03.16 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി ദിവ്യ കെ.ബി. | 01.04.15 | |
| | ശശി ടി.എസ്. | | |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി സ്മിത വി. | 01.04.15 | 31.03.16 |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | ലേലതുക യഥാസമയം ഈടാക്കിയില്ല - നഷ്ടം ₹.4,542/- | 2-1 |
| 12 | തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-2 |
| 13 | ഓഡിറ്റ് ഇംപാക്ട് | 2-3 |
| | ഭാഗം 3 | |
| 14 | കരാർ ലംഘനം – നഷ്ടം ₹.5,840/- | 3-1 |
| 15 | ടൈൽ വിരിക്കുന്നതിന് അധിക നിരക്ക് നൽകി | 3-2 |
| 16 | ഡി.എസ്.ആർ. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-3 |
| 17 | അധികാര വികേന്ദ്രീകരണം – ഡോക്യുമേന്റേഷൻ പദ്ധതി നടപ്പായില്ല | 3-4 |
| 18 | എസ്.എൽ.ഐ./ജി.ഐ.എസ്. പ്രീമിയം അടവാക്കിയതിൽ കുറവ് | 3-5 |
| 19 | വാട്ടർ ചാർജ്ജ് കുടിശ്ശിക അടച്ചത് - 10,856/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-6 |
| 20 | എസ്.സി.വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ– ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. | 3-7 |
| 21 | ആശ്രയ ഭവന നിർമ്മാണം – പണം കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. | 3-8 |
| 22 | തെരുവ് വിളക്കുകളുടെ പരിപാലനം-അപാകതകൾ | 3-9 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കുവാൻ അവശേഷിക്കുന്നഓഡിറ്റ്റിപ്പോർട്ടുകളുടെവിവരം. | 4-9 |
| | അനുബന്ധ പത്രികകൾ | |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.1 |
| 33 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം.2 |
| 34 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.3 |
| 35 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബജറ്റ് പ്രകാരം | 7,56,004 | 8,77,88,680 | 8,85,44,693 | 8,75,95,889 | 9,48,804 |
| വാർഷിക കണക്ക് പ്രകാരം | 1,07,91,925 | 1,72,06,124 | 2,79,98,049 | 2,34,00,446 | 45,97,603 |
| വ്യത്യാസം | 1,00,35,921 | 7,05,82,556 | 6,05,46,644 | 6,41,95,443 | 36,48,799 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

കുഴപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക 23.07.2015ന് ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 21.11.2016 | സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. വാർഷിക കണക്കുകൾ പരിശോധിച്ചതിൽ അപാകതകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

# 1-4 സാമ്പത്തിക വിശകലനം

കുഴപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ കണക്കുകളുടെ സാമ്പത്തിക വിശകലനം താഴെ കൊടുക്കുന്നു :-

| | |
|---|---|
| മുന്നിരിപ്പ് | 1,07,91,925.00 |
| വരവ് | 1,72,061,24 |
| ആകെ | 2,79,98,049 |
| ചെലവ് | 2,34,00,446 |
| നീക്കിയിരിപ്പ് | 45,97,603 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 11,96,204 | 43,60,956 | 55,57,150 | 47,80,497 | (+)27,37,350 | 7,76,653 |
| - എസ്.സി. പി. | 14,08,972 | 34,58,000 | 48,66,972 | 30,86,765 | (-) 6,44,344 | 17,80,207 |
| - ടി.എസ്. പി. | 0 | 9000 | 9000 | 0 | 0 | 9000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 1881271 | 2251553 | 2251553 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12,30,323 | 17,95,328 | 30,25,651 | 26,18,866 | (-) 5,98,927 | 4,06,785 |
| (ലോക ബാങ്ക് സഹായം) | 14,94,079 | 0 | 14,94,079 | 13,01,487 | (-)14,94,079 | 1,92,592 |
| എം.എൻ.ആർ. ഇ.ജി.എസ്. | 29043 | 422655 | 451698 | 450767 | 0 | 931 |
| ബി ഫണ്ട് | 0 | 252560 | 252560 | 252560 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 15-16 | 107 | 21981478 | 83 | 15426477 | 6 | 18 | 70 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ

ശ്രദ്ധിക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 565899 | 550229 | |
| വെറ്ററിനറി സർജൻ | 2 | 2 | 56000 | 56000 | 100 |
| വി.ഇ.ഒ | 6 | 6 | 3035000 | 1925145 | |
| എൽ.വി.ഇ.ഒ | 5 | 5 | 1600000 | 1339216 | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 1387800 | 1013377 | |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 50000 | 50000 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 452551 | 307513 | |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 75000 | 75000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 400000 | 400000 | 100 |
| സെക്രട്ടറി | 24 | 20 | 4555591 | 3184826 | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 41 | 9403637 | 6345171 | |
| ആകെ | 107 | 89 | 21981478 | 15426477 | |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 20,46,602 | 17,14,649 | (-) 3,31,953 | (-) 16.21 |
| നികുതിയേതര വരവുകൾ | 7,12,638 | 9,67,081 | (+) 2,54,443 | (+) 35.70 |
| മറ്റുവരവുകൾ | 98,270 | 88,733 | (-) 9,537 | (-) 9.70 |
| ആകെ | 28,57,510 | 27,70,463 | (-) 87,047 | (-) 3.04 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 94,560 | - |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 17,71,080 | - |
| വിധവാപെൻഷൻ | 53,43,360 | - |
| വാർദ്ധക്യകാല പെൻഷൻ | 48,42,900 | - |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 15,07,640 | - |
| 50 വയസ്സിനുമുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 5,21,440 | - |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,20,000 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2016ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,036/-രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.16 | 01.09.16-30.09.16 | കിട്ടിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.11.2006 മുതൽ 18.11.2006 വരെ | 1997-98 മുതൽ 2005-06 വരെ | 30.12.2006 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേലതുക യഥാസമയം ഈടാക്കിയില്ല - നഷ്ടം ₹.4,542/-

കുഴപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ബംഗ്ലായി തോട്ടിൽ നിന്നും 2015-16 വർഷം മത്സ്യം പിടിക്കുന്നതിനുള്ള അവകാശം 28-02-2015 ൽ നടന്ന ലേലത്തിൽ 3,08,000 രൂപയ്ക്ക് ശ്രീ. വി.എൻ. തമ്പി എന്നയാൾക്ക് നൽകി. ലേലനോട്ടീസിൽ കാണിച്ചിട്ടുള്ള ലേല വ്യവസ്ഥയനുസരിച്ച് ലേലം കൊണ്ടയാൾ ലേലതുകയുടെ മൂന്നിലൊന്ന് തുക അപ്പോൾത്തന്നെ പഞ്ചായത്തിൽ അടക്കേണ്ടതും ബാക്കി തുക 06/15, 09/15 മാസങ്ങളിൽ തുല്യ ഗഡുക്കളായി അടക്കേണ്ടതുമാണ്. എന്നാൽ ലേലക്കാരനിൽ നിന്നും നാലിലൊന്ന് തുകയായ 77,000/- രൂപ മാത്രമാണ് ലേലം കൊണ്ട ദിവസം ഈടാക്കിയത്. ലേലവ്യവസ്ഥ പ്രകാരം ഈടാക്കേണ്ട തുകയുടേയും അടവിന്റേയും വിവരം താഴെ പറയും പ്രകാരമാണ്.

| ഈടാക്കേണ്ട തീയതി | തുക | ഈടാക്കിയ തീയതി | തുക | രസീത് നമ്പർ | ഈടാക്കേണ്ട പലിശ | റിമാർക്സ് |
|---|---|---|---|---|---|---|
| 28-02-15 | 1,02,666 | 28-02-15 | 77,000 | 11402103439 | 2,570 | 25666 രൂപയ്ക്ക് 1% നിരക്കിൽ 12/15 വരെ |
| 06/15 | 1,02,667 | 16-06-15 | 77,000 | 11502100487 | 1,542 | |

| | | | | | | |
|---|---|---|---|---|---|---|
| 09/15 | 1,02,667 | 17-12-15 | 1,54,000 | 11502101695 | 3,080 | |
| | | ആകെ | 3,08,000 | | 7,192 | |

കരാറുകാരനുമായി പഞ്ചായത്ത് ഏർപ്പെട്ട 01.04.2015ലെ കരാർ വ്യവസ്ഥയനുസരിച്ച് കരാർ തുക ഒടുക്കുവാൻ കാലതാമസം വരുത്തിയാൽ പ്രതിമാസം 1% നിരക്കിൽ പലിശ ഈടാക്കാനാണ് വ്യവസ്ഥയെങ്കിലും പലിശയിനത്തിൽ ആകെ 2,620/- രൂപ മാത്രമാണ് അവസാന ഗഡുവിനോടൊപ്പം ഈടാക്കിയിട്ടുള്ളത്. ആയതിനാൽ ഈ കരാറിൽ ഗഡു തുക യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തിയതിന് പിഴ പലിശയിനത്തിൽ 4,542/- രൂപ കൂടി ലേലക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 17.11.2016ലെ രണ്ടാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കാൻ കരാറുകാരന് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ, ലേലദിവസം 1,02,666/- രൂപ ഈടാക്കേണ്ടതിന് പകരം 77,000/- രൂപ മാത്രം ഈടാക്കിയതിന് വിശദീകരണം നൽകിയിട്ടില്ല. പിഴ പലിശയിനത്തിൽ കുറവ് വന്ന 4,542/- രൂപ ഈടാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കാത്തത്.

(1) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 (ii)എ , 204 (ii)ബി പ്രകാരം ഒരു അർദ്ധവർഷം ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്തിനുള്ളിൽ ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടേയും മേൽ നിർണയിക്കപ്പെട്ട നിരക്കുകളിൽ തൊഴിൽനികുതി ചുമത്താവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും 2015-16 വർഷത്തെ തൊഴിൽ നികുതി ഒരു അർദ്ധവർഷത്തേക്ക് 1,250/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

(എ) വി.സി.വിനു കുമാർ
(ബി) ഇ.ആർ.വിനിൽ കുമാർ
(സി) പി.ആർ.സാബു
(ഡി) ടി.എ.ബിജു

(2) 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം ( 3) പട്ടിക 1പ്രകാരം (ക്രമ നം 149)റേഷൻ ഡിപ്പോകളെ ഡി.&ഒ. ലൈസൻസ് ആവശ്യമുള്ള വ്യാപാരങ്ങളുടെ ഗണത്തിലാണ് പെടുത്തിയിട്ടുള്ളത്. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം (2)(സി) പ്രകാരം സാധനങ്ങൾ ഇറക്കുമതി ചെയ്യുക, ആയത് വിതരണം ചെയ്യുക, അല്ലെങ്കിൽ മറ്റ് വിധത്തിൽ കൈകാര്യം ചെയ്യുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ ബിസിനസ് ചെയ്യുന്നതായി കരുതപ്പെടുകയും റൂൾ പ്രകാരം മേൽ പ്രവൃത്തിയിലേർപ്പെടുന്ന വ്യക്തിയും സ്ഥാപനവും തൊഴിൽനികുതി നൽകുവാൻ ബാദ്ധ്യസ്ഥരുമാണ്. മേൽ നിയമപ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5 റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ, മേൽ സൂചിപ്പിച്ചിട്ടുള്ള കരാറുകാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-3 ഓഡിറ്റ് ഇംപാക്റ്റ്

വസ്തുനികുതി ഇനത്തിൽ കുറവായി അടച്ച തുക ഓഡിറ്റ് എൻക്വയറി മുഖേന ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ അടച്ചു.

| ഉടമസ്ഥന്റെ പേര് | തുക | രസീത് നമ്പർ/തീയതി |
|---|---|---|
| ജനാർദനപൈ, കോനേരി, കുഴപ്പിള്ളി | 1,060 | 11602101845/23.11.2016 |

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാർ ലംഘനം - നഷ്ടം ₹. 5,840/-

| | |
|---|---|
| പ്രോജക്ട് നമ്പർ | 76/16 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 1,50,000 രൂപ |
| ചെലവ് | ട്രഷറി ബിൽ നമ്പർ 43/15-16 23-03-16 |

ഈ പ്രോജക്ടിന്റെ നടത്തിപ്പിന് ആവശ്യമായ അലമാര, മേശ, കസേര എന്നിവ വാങ്ങുന്നതിന് 24-08-2015 ൽ ടെണ്ടർ ക്ഷണിച്ചതിൽ 5 വിതരണക്കാർ പങ്കെടുക്കുകയും അവയിൽ സ്റ്റീൽ അലമാരയ്ക്കുള്ള കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 'കാഡ്കൊ' (കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) യുടെ ഓഫർ 22-09-2015 ലെ ഗ്രാമപഞ്ചായത്ത് യോഗം അംഗീകരിക്കുകയും ചെയ്തു. അതനുസരിച്ച് 78x36x19 അളവുള്ള 20 ഗേജ് സ്റ്റീൽ അലമാര 4 എണ്ണം 6200 രൂപ നിരക്കിൽ സപ്ലൈ ചെയ്യാൻ 25-09-2015 ൽ കാഡ്കൊയ്ക്ക് ഓർഡർ നൽകിയെങ്കിലും സാധനം സപ്ലൈ ചെയ്തില്ല. പിന്നീട് 15-01-2016 വരെ സമയം അനുവദിച്ച് 31-12-2015 ൽ രജിസ്റ്റേർഡായി കത്ത് അയച്ചെങ്കിലും യാതൊരു മറുപടിയും ഉണ്ടായില്ല. തുടർന്ന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത രണ്ടാമത്തെ സ്ഥാപനമായ ദീപം എന്റർപ്രൈസസ്, പാലാരിവട്ടത്തിനെ പരിഗണിക്കാൻ 27-01-2016 ലെ പഞ്ചായത്ത് കമ്മിറ്റി യോഗം തീരുമാനിക്കുകയും അവരുമായി നെഗോഷ്യേറ്റ് ചെയ്ത് 7250 രൂപ നിരക്കിൽ നാല് അലമാര സപ്ലൈ ചെയ്യാൻ അവർക്ക് ഓർഡർ നൽകുകയും ചെയ്തു. ദീപം എന്റർപ്രൈസസ് ബിൽ നമ്പർ 1107/14-03-2016 രൂപ 29,000 പ്രകാരം സാധനം സപ്ലൈ ചെയ്യുകയും ട്രഷറി ബിൽ നമ്പർ 43/15-16 പ്രകാരം അവർക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്.

24.08.2015 ൽ കാഡ്കൊയുമായി പഞ്ചായത്ത് വെച്ച പ്രാഥമിക കരാറിലെ ഖണ്ഡിക 2 പ്രകാരം കരാറുകാരൻ കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ പഞ്ചായത്തിനുണ്ടാവുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് 6,200/- രൂപ നിരക്കിൽ 4 അലമാരകൾ 24,800/- രൂപയ്ക്ക് സപ്ലൈ ചെയ്യാൻ കാഡ്കൊ ബാദ്ധ്യസ്ഥരായിരിക്കെ അങ്ങനെ ചെയ്യാതിരുന്നത് മൂലം 7,250/- രൂപ നിരക്കിൽ 4 കസേരയ്ക്ക് 29,000/- രൂപ ചെലവഴിക്കേണ്ടി വന്നതിനാൽ പഞ്ചായത്തിന് 4,200/- രൂപ നഷ്ടമുണ്ടായിട്ടുണ്ട്.

സമാനമായി പ്രോജക്ട് നമ്പർ 79/16 പ്രകാരമുള്ള 'പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ എന്ന പദ്ധതിയിൽ 4x2 അളവിലുള്ള മേശയ്ക്ക് കുറഞ്ഞ നിരക്കായ 1,680/- നിരക്ക് ക്വോട്ട് ചെയ്ത ശേഷം സപ്ലൈ ചെയ്യാതിരുന്നത് മൂലം ദീപം എന്റർപ്രൈസസിൽ നിന്നും 15-03-2016 ലെ ബിൽ നമ്പർ 1109 പ്രകാരം 4 മേശ 2,090/- രൂപ നിരക്കിൽ വാങ്ങേണ്ടി വന്നതിനാൽ നഷ്ടമായ 1,640/- രൂപ ഉൾപ്പെടെ ആകെ 5,840/- രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. (ട്രഷറി ബിൽ നമ്പർ 44/15-16 തീയതി 23-03-2016).

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 18.11.2016 ൽ നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ പ്രകാരം കരാർ ലംഘനം നടത്തിയതിലൂടെ പഞ്ചായത്തിന് നഷ്ടമായ 5,840/- രൂപ കാഡ്കൊയിൽ നിന്നും ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 ടൈൽ വിരിക്കുന്നതിന് അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | S 0048/16 |
| കരാറുകാരന്റെ പേര് | ശ്രീ.ടി.ആർ.കൈലാസൻ |
| അളവ് പുസ്തകം | 227/15-16 |
| അടങ്കൽ തുക | 184000 |
| കരാറുകാരന് നൽകിയ തുക | 176614 |

| | |
|---|---|
| ട്രഷറി ബിൽ നമ്പർ/തീയതി | 39/15-16,28.03.2016 |

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിലെ സന്ദലാൻ മാസ്റ്റർ റോഡ് ബൈലൈൻ ടൈൽ പാകൽ എന്ന പ്രവൃത്തിയ്ക്ക് അധിക നിരക്കാണ് നൽകിയിട്ടുള്ളത്. മേൽ പ്രവർത്തിയുടെ ഇനം 3 ആയി ചെയ്തിട്ടുള്ള ടൈൽ വിരിയ്ക്കലിന് ഡി.എസ്.ആർ 2014 പ്രകാരം പഞ്ചായത്ത് തയ്യാറാക്കിയ OD.CP.03 എന്ന കോഡിലുള്ള നിരക്ക് അനുസരിച്ചാണ് തുക നൽകിയത്. എന്നാൽ ട്രാഫിക്ക് കുറഞ്ഞ സ്ഥലങ്ങളിലും 3 മീറ്ററിൽ താഴെ വീതി കുറഞ്ഞ സ്ഥലങ്ങളിലും ടൈൽ വിരിയ്ക്കലിന് ഡി.എസ്.ആർ. 2014 പ്രകാരം OD.CP.02 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിൽ റോഡിന്റെ വീതി 2 മീറ്ററാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| ടൈൽ വിരിച്ചതിന്റെ അളവ് | നൽകിയ തുക (രൂ. 1043.70/- നിരക്കിൽ) | നൽകാവുന്ന തുക (രൂ. 993/m2 നിരക്കിൽ) | അധികമായി നൽകിയ തുക |
|---|---|---|---|
| 132 m2 | 137768.40 | 131128.80 | 6640 |

കൂടാതെ 11-ാം വാർഡിലെ കോനേരി റോഡ് ടൈൽ പാകൽ എന്ന പ്രവൃത്തിയ്ക്കും അധിക നിരക്കാണ് അനുവദിച്ചിട്ടുള്ളത്. മേൽ പ്രവർത്തിയുടെ ഇനം 3 ആയി ചെയ്തിട്ടുള്ള ടൈൽ വിരിയ്ക്കലിന് ഡി.എസ്.ആർ 2014 പ്രകാരം പഞ്ചായത്ത് തയ്യാറാക്കിയ OD.CP.03 എന്ന കോഡിലുള്ള നിരക്ക് അനുസരിച്ചാണ് തുക നൽകിയത്. എന്നാൽ ട്രാഫിക്ക് കുറഞ്ഞ സ്ഥലങ്ങളിലും 3 മീറ്ററിൽ താഴെ വീതി കുറഞ്ഞ സ്ഥലങ്ങളിലും ടൈൽ വിരിയ്ക്കലിന് ഡി.എസ്.ആർ. 2014 പ്രകാരം OD.CP.02 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിൽ റോഡിന്റെ വീതി 2 മീറ്ററാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 47/2016 |
| കരാറുകാരന്റെ പേര് | ശ്രീ.എം.ബി.സുരേന്ദ്രൻ |
| അളവ് പുസ്തകം | 100/14-15 |
| അടങ്കൽ തുക | 2,00,000/- |
| കരാറുകാരന് നൽകിയ തുക | 1,85,095/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 10/15-16,21.02.15 |

| ടൈൽ വിരിച്ച തിന്റെ അളവ് | നൽകിയ തുക (₹.1043.70/-നിരക്കിൽ) | നൽകാവുന്ന തുക (₹.993/m2നിരക്കിൽ) | അധികമായി നൽകിയതുക |
|---|---|---|---|
| 155.30m3 | 162086.61 | 154275.02 | 7812 |

മേൽ തുക അധികമായി നൽകിയത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി ചെലവഴിച്ച 14452/-(6640+7812)രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഡി.എസ്.ആർ. മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

| | |
|---|---|
| പ്രവർത്തിയുടെ പേര് | സഹകരണ ഫിഷറീസ് റോഡിൽ കാന നിർമ്മാണവും, കവർ സ്ലാബും. |
| പ്രോജക്ട് നമ്പർ | 36/16 |
| അളവ് പുസ്തകം | 137/15-16 |
| കരാറുകാരൻ | ശ്രീ.എം.ബി.സുരേന്ദ്രൻ |
| അടങ്കൽ തുക | 242011 |
| ബിൽ നമ്പർ/തീയതി | 27/15-16,28.03.2016 |
| നൽകിയ തുക | 1,65,000 |

ഈ പ്രവൃത്തിയ്ക്കായി അളവ് പുസ്തകം അധിക ഇനമായി ചെയ്തിട്ടുള്ള 1:3:9 എന്ന സിമന്റ് പ്ലാസ്റ്ററിംഗ് പ്രവൃത്തി 2014 ഡി.എസ്.ആർ. മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി ചെയ്തിട്ടുള്ളതാണ്. ഇതിനു പകരമായി CPWD 13.16.1 പ്രകാരമുള്ള 6cm സിമന്റ് പ്ലാസ്റ്ററിംഗിന്റെ നിരക്ക് നൽകിയാൽ മതിയാകുന്നതാണ്.

| സിമന്റ് പ്ലാസ്റ്ററിംഗ് ചെയ്തതിന്റെ അളവ് | നൽകിയ നിരക്ക് | നൽകാവുന്ന നിരക്ക് | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 92.01m3 | 213.30/m3 | 187.30/m3 | 19625.73 | 17233.47 | 2,392/-- |

മേൽ തുക അധികമായി നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചില്ല. ആയതിനാൽ നഷ്ട തുകയായ 2,392/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 അധികാര വികേന്ദ്രീകരണം-ഡോക്യുമേന്റേഷൻ പദ്ധതി നടപ്പാക്കിയില്ല

വികേന്ദ്രീകാസൂത്രണത്തിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും കഴിഞ്ഞ 20 വർഷം നടത്തിയ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുവാനുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 14-07-15 ലെ സ.ഉ.(സാധാ) 2133/15 -ാം നമ്പർ ഉത്തരവ് പ്രകാരം 1,10,000/- രൂപയുടെ വിനിയോഗാനുമതി ലഭിക്കുകയും പ്രോജക്ട് നമ്പർ എസ്.0119/16 പ്രകാരം 1,10,000/- രൂപ അടങ്കലിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വികേന്ദ്രീകാസൂത്രണം ഡോക്യുമെന്റേഷൻ എന്ന പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. യോഗങ്ങൾക്കുള്ള ചെലവ്, രണ്ട് സന്നദ്ധപ്രവർത്തകർക്ക് സേവനത്തിനുള്ള ഓണറേറിയം, പ്രിന്റിംഗ്, സെമിനാർ, 'കില'യ്ക്കുള്ള വിഹിതം എന്നിങ്ങനെയുള്ള ചെലവുകൾക്കാണ് തുക വിനിയോഗിക്കേണ്ടത്. ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി ഡോക്യുമെന്റേഷൻ കമ്മിറ്റി രൂപീകരിക്കുകയും 17-06-2015, 01-07-2015 തീയതികളിൽ കിലയിലെ പരിശീലനത്തിൽ രണ്ടു പേർ പങ്കെടുക്കുകയും 26-06-15, 07-08-15 തീയതികളിൽ ജനപ്രതിനിധികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും യോഗം ചേരുകയും 29-07-15 ൽ ശില്പശാല നടത്തുകയും ചെയ്തെങ്കിലും കമ്പ്യൂട്ടർ സംവിധാനം വഴി ഡാറ്റ എൻട്രി നടത്തി ഡോക്യുമെന്റ് തയ്യാറാക്കുന്ന പ്രവൃത്തി പഞ്ചായത്തിൽ നടന്നിട്ടില്ല. പദ്ധതിയിയുടെ ആകെ ചെലവ് 2,880/- രൂപയാണ്.(ട്രഷറി ബിൽ നമ്പർ 36/15-16 തീയതി 26-02-2016). പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ 20 വർഷമായി കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന വികസന-ക്ഷേമ-പ്രവർത്തനങ്ങളുടെ കണക്കെടുപ്പും വിലയിരുത്തലും നടത്തേണ്ടത് ഈ മേഖലകളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളെയും കുറവുകളേയും തിരിച്ചറിയാനും കൂടുതൽ മെച്ചപ്പെട്ട പ്രാദേശിക ഭരണത്തിന് നേതൃത്വം കൊടുക്കാൻ ഭരണകർത്താക്കൾക്കും ഉദ്യോഗസ്ഥൻമാർക്കും ജനങ്ങൾക്കും സഹായകരമാണ് എന്നിരിക്കെ ഈ പദ്ധതി കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നടക്കാതെ പോയത് നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

## 3-5 എസ്.എൽ.ഐ., ജി.ഐ.എസ്. പ്രീമിയം അടവാക്കിയതിൽ കുറവ്

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് ജീവനക്കാർ എസ്.എൽ.ഐ., ജി.ഐ.എസ്. പ്രീമിയം അടവാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | ശമ്പള സ്കെയിൽ | എസ്.എൽ.ഐ. | | ജി.ഐ.എസ്. | | കുറവ് |
|---|---|---|---|---|---|---|---|
| | | | അടക്കേണ്ടത് | അടക്കുന്നത് | അടക്കേണ്ടത് | അടക്കുന്നത് | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ശ്രീമതി ലതിക കുമാരി, സെക്രട്ടറി | 18740-33680 | 375 | 300 | 250 | 200 | 125 |
| 2 | ശ്രീമതി വേത്രീ ദേവി, ക്ലാർക്ക് | 9940-16580 | 225 | 150 | - | - | 75 |
| 3 | ശ്രീ.ശ്രീജിത്ത് | 9940-1658 | 225 | 150 | - | - | 75 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ഭാവിയിൽ ധനകാര്യ വകുപ്പിന്റെ 20-01-2016 ലെ ജി.ഒ.(പി.) 7/2016 പ്രകാരം ജീവനക്കാരുടെ ശമ്പള സ്കെയിലിൽ വന്ന മാറ്റങ്ങൾക്ക് അനുസൃതമായും 09-02-2012 ലെ ജി.ഒ.(പി.) നമ്പർ 104/12 ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയും ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്. പ്രീമിയങ്ങൾ അടവാക്കുന്നതാണെന്ന് അറിയിച്ചു.

## 3-6 വാട്ടർ ചാർജ്ജ് കുടിശ്ശിക അടച്ചത് - 10,856/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

കുഴപ്പിള്ളി ബീച്ച് സാനിറ്ററി കോംപ്ലക്സ് വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ 23-04-2015 ലെ ചെക്ക് നമ്പർ 21500048 പ്രകാരം 10856 രൂപ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം സാനിറ്ററി കോംപ്ലക്സ് ലേലത്തിൽ എടുത്തിരുന്ന ശ്രീ.ബിനിൽകുമാർ,മഠത്തിൽ വീട് എന്നയാൾ വാട്ടർ അതോറിറ്റിയിൽ കുടിശ്ശിക വരുത്തിയിരുന്നതാണ് 10856/-രൂപ . എന്നാൽ കുഴപ്പിള്ളി ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും 2015-16 സാമ്പത്തിക വർഷം കുടിശ്ശിക തുക അടയ്ക്കുകയാണ് ചെയ്തത്. ലേലത്തിൽ എടുത്തിരുന്ന ശ്രീ.ബിനിൽകുമാറുമായി ഗ്രാമ പഞ്ചായത്ത് കരാർ വെച്ചതിന്റെ അടിസ്ഥാനത്തിൽ അടയ്ക്കേണ്ടതാണെന്ന് സമ്മതിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് തുക അടച്ചത് ശരിയായ നടപടിയല്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10,856/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-7 എസ്.സി.വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ - ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0023/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എൽ.വി.ഇ.ഒ |
| ഡി.ഡി.നമ്പർ/തീയതി | 393903/31.03.2016 |
| നൽകിയ തുക | 179766/- |

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ 'പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും, കസേരയും നൽകൽ' എന്ന പദ്ധതിയിൽ 50 വീതം മേശയും കസേരയും കാഡ്കോ, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതനുസരിച്ച് 50 മേശയ്ക്ക് 1,17,500/-രൂപയും, 50 കസേരയ്ക്ക് 39500/-രൂപയും നൽകിയിട്ടുണ്ട്. വാങ്ങിയ ഫർണീച്ചറുകളിൽ 49 മേശയും 49 കസേരയും മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കിയുള്ള ഒരു കസേരയും ഒരു മേശയും വിതരണം ചെയ്യാതിരുന്നതിന്റെ കാരണം രേഖകൾ ഹാജരാക്കാതിരുന്നതു കൊണ്ടാണെന്ന് ഓഡിറ്റിനെ അറിയിക്കുകയും ചെയ്തു. ആയതിനാൽ, രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ വിദ്യാർത്ഥിയ്ക്ക് വിതരണം ചെയ്യേണ്ടതാണ്.

## 3-8 ആശ്രയ ഭവന നിർമ്മാണം-പണം കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല.

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ.നിർവ്വഹണ ഉദ്യോഗസ്ഥനായി 2014-15 ൽ ആരംഭിച്ച ആശ്രയ ഭവന പദ്ധതിയിൽ ചുവടെ ചേർക്കും പ്രകാരം പണം ചെലവഴിച്ചിട്ടുള്ളതാണ്. 2015-16 സാമ്പത്തിക വർഷവും നിരവധി ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും താഴെപ്പറയുന്ന രണ്ട് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ

അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | തുക കൈപ്പറ്റിയത് | ഡി.ഡി.നമ്പർ/തീയതി |
|---|---|---|
| ശ്രീമതി ഷൈനി വിത്സൺ, തലരത്തര,കുഴപ്പിള്ളി,വാർഡ് 8 | 1) 80,000/-<br>2) 60,000/-<br>3) 85,000/- | 752259/24.01.15<br>752263/19.03.15<br>752267/05.05.15 |
| ശ്രീമതി സരോജിനി,മുളഞ്ചേരി, കുഴപ്പിള്ളി,വാർഡ് 2 | 1) 1,00,000/-<br>2) 75,000/-<br>3) 50,000/- | 752268/11.03.15<br>752269/21.03.15<br>941857/06.08.15 |

ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്കുകളുടെ പരിപാലനം - അപാകതകൾ

തദ്ദേശഭരണ വകുപ്പിന്റെ 15-09-2011 ലെ 3055/ഡി.എ.3/2011 നമ്പർ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി 12-09-2013 മുതൽ 31-12-2015 വരെയുള്ള കാലയളവിലേക്ക് കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച് മെയിന്റനൻസ് നടത്തുന്നതിന് 13-09-2013 ൽ എ.ജി.എ.ഇലക്ട്രിക്കൽസ്, ഞാറയ്ക്കൽ എന്ന സ്ഥാപനവുമായി ഒരു വർഷത്തേക്ക് 2,50,000 രൂപ നിരക്കിൽ കരാർ കാലയളവിലേക്ക് 575342 രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും 13-09-2013ലെ രശീതി നമ്പർ 1302100829 പ്രകാരം 25,000 രൂപ സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിക്കുകയും ചെയ്തു. കരാർ തുകയായി ഇതുവരെ താഴെ പറയും പ്രകാരം 124224 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

| ചെക്ക് നമ്പർ | തീയതി | തുക | വാറ്റ് 4% | ക്ഷേമനിധി വിഹിതം 1% | അറ്റ തുക |
|---|---|---|---|---|---|
| 1155 | 16-01-2014 | 62112 | 2485 | 621 | 59006 |
| 22072 | 04-06-2014 | 62112 | 2485 | 621 | 59006 |
| | ആകെ | 124224 | 4970 | 1242 | 118012 |

ചില സാങ്കേതിക കാരണങ്ങളാൽ ഈ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യത്തിൽ ഈ ജോലിയിൽ നിന്നും ഒഴിവാക്കി തരണമെന്ന കരാറുകാരന്റെ 05-05-2014 ലെ അപേക്ഷ പരിഗണിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ 15-05-2014 ലെ 2 (എ) നമ്പർ തീരുമാനപ്രകാരം നിലവിലുള്ള കരാർ റദ്ദ് ചെയ്ത് വീണ്ടും ടെണ്ടർ ചെയ്യുന്നതിന് തീരുമാനിക്കുകയും 02-07-2014 ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. പിന്നീട്, ഈ പ്രവൃത്തിക്ക് വേണ്ടി നൽകിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ച് നൽകണമെന്ന കരാറുകാരന്റെ 30-06-2014 ലെ അപേക്ഷ 31-07-2015 ലെ പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കുകയും 8-ാം നമ്പർ തീരുമാന പ്രകാരം ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ, കാലാവധി പൂർത്തീകരിക്കാതെയോ കരാർ വിജയകരമായി പൂർത്തീകരിക്കാതെയോ സെക്യൂരിറ്റി തുക തിരികെ നൽകുന്നത് സർക്കുലറിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ച് സെക്രട്ടറി ഈ തീരുമാനത്തോട് വിയോജിച്ചെങ്കിലും 13-08-2015 ലെ വൗച്ചർ നമ്പർ 21500266 പ്രകാരം 25,000 രൂപ കരാർ സ്ഥാപനത്തിനു വേണ്ടി ശ്രീ എ.എ.ജോർജ്ജിന് പഞ്ചായത്ത് തിരികെ നൽകി.

ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെ പറയും പ്രകാരമുള്ള അപാകതകൾ ഉണ്ടായിട്ടുണ്ട്.

(1) സെക്യൂരിറ്റി നിക്ഷേപം കുറവ് വാങ്ങി

സർക്കുലർ വ്യവസ്ഥകളിലെ ഖണ്ഡിക 2 (ഇ) പ്രകാരം കരാർ ലഭിക്കുന്നയാൾ കരാർ തുകയുടെ 10% തുക സെക്യൂരിറ്റി നിക്ഷേപം നടത്തണം. അതനുസരിച്ച് 57534 രൂപ സെക്യൂരിറ്റി നിക്ഷേപം വാങ്ങേണ്ടതിന് പകരം 25,000 രൂപ മാത്രമാണ് കരാറകാരനിൽ നിന്നും വാങ്ങിയത്.

(2) കരാർ പൂർത്തീകരിക്കാതെ സെക്യൂരിറ്റി നിക്ഷേപം തിരികെ നൽകി

പ്രവൃത്തി പൂർത്തീകരിക്കാതെ സെക്യൂരിറ്റി തുക തിരികെ നൽകിയത് കരാർ വ്യവസ്ഥയുടെ ലംഘനമാണ്. സെക്യൂരിറ്റി തുക തിരികെ നൽകാൻ പാടില്ലെന്ന സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് മറികടന്നുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണ് തുക നൽകിയത്

എന്നതിനാൽ 31-07-2015 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത താഴെ പറയുന്നവരിൽ നിന്നും 25,000 രൂപ തുല്യമായി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | ടി.ജി.വിജയൻ | 7 |
| 2 | ബീന ജോർജ്ജ് | 10 |
| 3 | ബിന്ദു വിജയൻ | 3 |
| 4 | ജെസ്സി ആന്റണി | 8 |
| 5 | കെ.ഐ.കോരത് | 4 |
| 6 | തങ്കമണി ശശി | 12 |
| 7 | ഷീല ബാബു | 9 |
| 8 | പി.എൻ.രാജേഷ് | 2 |
| 9 | പി.ജെ.അനിരുദ്ധൻ | 5 |
| 10 | മിനി രാജീവ് | 6 |
| 11 | എ.എസ്.കുട്ടൻ | 11 |
| 12 | സുഭാഷിണി ജോയി | 1 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,00,000 | 16/16,വിഭിന്നശേഷി ക്കാരായവർക്കുള്ള സ്കോളർഷിപ്പ് | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 83,090 | ---"--- | 83,090 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 2,00,000 | 72/16,പ്രൊഫഷണൽ പി.ജി, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ,പോളിടെക്നിക്കിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ | 0 | 2,00,000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.(ആർ.ടി) 952/2010/ ത.സ്വ.ഭ.വ തീ.19.03.2010 | 7545165 | 3748520 | 760000 | ഇല്ല | 2988520 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 9,822/- രൂപയുടെ വരവുണ്ട്.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയതി |
|---|---|---|---|---|
| 2013-14 | 2-1(1) | 250/- | ശ്രീമതി.ലതികകുമാരി, സെക്രട്ടറി | 11502101693 / 17-12-15 |
| 2013-14 | 2-1(2) | 2,500/- | ശ്രീമതി ലതികകുമാരി, സെക്രട്ടറി | 11302100916 / 30-9-15 |
| 2013-14 | 2-1(2) | 2,500/- | ശ്രീമതി ലതികകുമാരി, സെക്രട്ടറി | 11502101412 / 29-10-15 11302400008 / 29-10-15 |
| 2013-14 | 3-1 | 4,572/- | ശ്രീമതി ലാലി.കെ.ജി, എ.ഇ | 11502101572 / 27-11-15 |
| ആകെ | | 9,822/- | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 17206124 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 27998049 |
| വരവിനങ്ങളിലുള്ള നഷ്ടം | 4542 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52700 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 4,542 | - | ശ്രീമതി.എസ്.ലതിക കുമാരി, സെക്രട്ടറി |
| 3-2 | - | 14,452 | ശ്രീമതി ദേവിശ്രീ.ആർ.ടി, അസി.എഞ്ചിനിയർ |
| 3-3 | - | 2,392 | ശ്രീമതി ദേവിശ്രീ.ആർ.ടി, അസി.എഞ്ചിനിയർ |
| 3-6 | - | 10,856 | ശ്രീമതി.എസ്.ലതിക കുമാരി, സെക്രട്ടറി |
| 3-9 | - | 25,000 | ഗ്രാമപഞ്ചായത്ത് അംഗങ്ങൾ |
| ആകെ | 4,542 | 52,700 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.എസ്.ലതിക കുമാരി, സെക്രട്ടറി | സെക്രട്ടറി, കുഴപ്പിള്ളി ഗ്രാമപ്പഞ്ചായത്ത് | ഇന്ദീവരം, യു.സി കോളേജ്.പി.ഒ, ഈസ്റ്റ് കടുങ്ങല്ലൂർ |
| ശ്രീമതി ദേവിശ്രീ.ആർ.ടി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കുഴപ്പിള്ളി ഗ്രാമപ്പഞ്ചായത്ത് | ടി.സി.11/1070(1) ഉത്രാടം, വെസ്റ്റ് ലൈൻ, നന്ദൻകോട് തിരുവനന്തപുരം-695003 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ /റിപ്പോർട്ടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ(പി3)/1897/13 തീ.30-01-2011 | 2 |
| 1998-99 | എൽ.എഫ്.ഇ(പി3)/1897/13തീ.30-01-2011 | 10 |
| 1999-2000 | എൽ.എഫ്.ഇ(പി3)/1897/13തീ..30-01-2011 | 8 |
| 2000-01 | എൽ.എഫ്.ഇ(പി3)/1897/13തീ.30-01-2011 | 3 |
| 2001-02 | എൽ.എഫ്.ഇ(പി3)/761/06 തീ.10-04-2006 | 3 |
| 2002-03 | എൽ.എഫ്.ഇ(പി3)/362/02 തീ.05-12-2005 | 4 |
| 2003-04 | എൽ.എഫ്.ഇ(പി3)/1173/06 തീ.10-01-2007 | 2 |
| 2004-05 | എൽ.എഫ്.ഇ(പി3)/830/09 തീ.06-03-2010 | 1 |
| 2005-06 | എൽ.എഫ്.ഇ(പി3)/138/11 തീ.10-05-2011 | 2 |
| 2006-07 | എൽ.എഫ്.ഇ(പി3)/702/10 തീ.04-08-2010 | 11 |
| 2007-08 | എൽ.എഫ്.ഇ(പി3)/703/10 തീ.28-10-2010 | 19 |
| 2008-09 | എൽ.എഫ്.ഇ(പി3)/1504/12 തീ.13-09-2012 | 11 |
| 2009-10 | എൽ.എഫ്.ഇ(പി3)/728/12 തീ.13-06-2012 | 4 |
| 2010-11 | എൽ.എഫ്.ഇ(പി3)/1504/12 തീ.13-09-2012 | 17 |
| 2011-12 | എൽ.എഫ്.ഇ(പി3)/156/14 തീ.14-11-2014 | 6 |
| 2012-13 | എൽ.എഫ്.ഇ(പി3)/156/14 തീ.14-11-2014 | 6 |
| 2013-14 | എൽ.എഫ്.ഇ(പി3)/913(എ)/15,തീ.08-07-2015 | 5 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ-ഇ.കെ.എം.(പി.3)1108/2016 തീ. 07.07.2016 | 7 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(പി.3)2040/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 08.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.3)2040/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 08.12.2016

Certified that I have audited the Annual Financial Statement of KUZHUPPILLY Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of KUZHUPPILLY Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director(H.G.)